ലൈസൻസ് നൽകിയപ്പോഴും കേരളത്തിലെ മത്സ്യോൽപാദനത്തിൽ മാന്ദ്യം സംഭവിച്ചു. എന്നാൽ സംസ്ഥാന ഗവണ്മെന്റിന്റെ ഫലപ്രദമായ ഇടപെടലുകളെതുടർന്ന് മത്സ്യമേഖലയിലെ ഈ പ്രതിസന്ധിക്ക് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. അമേരിക്കൻ വിപണിയിലേക്ക് മത്സ്യം കയറ്റുമതി ചെയ്യുന്നതിനും കടലാമ നിരോധന വലകൾ ഉപയോഗിക്കണമെന്ന നിബന്ധനയും ആവശ്യമായ ഇടപെടലുകൾ നടത്തി വിപണി വീണ്ടെടുക്കാനും യൂറോപ്യൻ യൂണിയന്റെ നിരോധനത്തെ ഫലപ്രദമായി നേരിടാനും ചൈനയിൽ പുതിയ വിപണി കണ്ടെത്താനും കഴിഞ്ഞത് മത്സ്യ സംസ്കരണ മേഖലയിലെ പ്രതിസന്ധിക്കു പരിഹാരമായി. ആഴക്കടൽ മത്സ്യബന്ധന കപ്പലുകളുടെ കടന്നുകയറ്റത്തെ ചെറുക്കാനും പുതിയ ലൈസൻസുകൾ നൽകാതിരിക്കാനും കേന്ദ്രത്തെക്കൊണ്ട് തീരുമാനമെടുപ്പിച്ചതും ട്രോളിംഗ് നിരോധന കാലത്ത് ആഴക്കടൽ ട്രോളിംഗ് കേരള തീരത്ത് നിരോധിച്ചതും കേരളത്തിലെ മത്സ്യത്തൊഴിലാളി വിഭാഗത്തെ സഹായിച്ചു. 1997-98-ൽ 5.1 ലക്ഷം ടൺ ഉൽപ്പാദനം ഉണ്ടായിരുന്നത് 1998-99-ൽ 5.8 ലക്ഷം ടണ്ണായി വർദ്ധിച്ചു. 1999-2000-ത്തിൽ 6.5 ലക്ഷം ടൺ ഉൽപ്പാദനം ഉണ്ടായിരുന്നു എന്നാണ് പ്രാഥമിക കണക്കുകൾ കാണിക്കുന്നത്. കടലിൽ ചെമ്മീൻ വിത്ത് വിതയ്ക്കുന്ന പദ്ധതി വളരെ ഫലപ്രദമായി നടത്തി ചെമ്മീൻ ഉൽപ്പാദനം വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞയാഴ്ച ഏഷ്യാനെറ്റിൽ കൊച്ചിയിലെ ചാകര ഉൽപ്പാദനം കാണിച്ചത് ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെ പലരും കണ്ടുകാണുമെന്നു വിശ്വസിക്കുന്നു. 1995-96-ൽ ചെമ്മീൻ ഉല്പാദനം 0.53 ലക്ഷം ടൺ ആയിരുന്നത് 1998-99-ൽ 0.67 ലക്ഷം ടണ്ണായി ഉയർന്നിട്ടുണ്ട്. 1995-96-ൽ 856.09 കോടി രൂപയുടെ വിദേശനാണ്യം ലഭിച്ചിരുന്ന സ്ഥാനത്ത് 1997-98-ൽ അത് 948.3 കോടി രൂപയായി ഉയർന്നു. മത്സ്യം കയറ്റുമതിക്കാർ അവരുടെ വിറ്റുവരവിന്റെ ഒരു ശതമാനം മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അടയ്ക്കണമെന്ന് വ്യവസ്ഥയുണ്ട്. ഈ തുക ഉപയോഗിച്ചാണ് മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നത്. അവർ 18.25 കോടി രൂപ കുടിശ്ശിക വരുത്തിയതുമൂലം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാതെ വഴിയില്ലായിരുന്നു. യൂറോപ്യൻ യൂണിയന്റെ നിരോധനകാലത്ത് റവന്യൂ റിക്കവറി നടപടികൾ നിർത്തിവച്ചു. നിരോധനത്തിൽ അയവു വന്ന് കയറ്റുമതി പുന :സ്ഥാപിക്കപ്പെട്ടതോടെ വീണ്ടും റവന്യൂ റിക്കവറി നടപടി ആരംഭിച്ചു. ഇപ്പോൾ റവന്യൂ കുടിശ്ശിക തവണകളായി അടയ്ക്കാൻ അനുവാദം നൽകിയിട്ടുണ്ട്. കഴിഞ്ഞ ഓണത്തിനു മുൻപ് ഒരു കോടി രൂപയും കഴിഞ്ഞ മാസം 35 ലക്ഷം രൂപയും അവർ അടച്ചുകഴിഞ്ഞു. അവരുടെ പ്രശ്നങ്ങൾ പഠിക്കാൻ ശ്രീ. പി.എം. അബ്രഹാം, ഐ.എ.എസ്. ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റി റിപ്പോർട്ട് ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അവരുടെ ശുപാർശകളും ഗവണ്മെന്റ് പരിശോധിക്കുന്നതാണ്. ഏതായാലും ഇപ്പോൾ മത്സ്യബന്ധന മേഖലയിൽ പ്രതിസന്ധിയില്ല.

(7) കേരളത്തിലെ ക്ഷീരകർഷകർക്ക് ക്ഷേമനിധിയും പെൻഷനും

ശ്രീ. എം. മുരളി : സർ, കേരളത്തിൽ 13 ലക്ഷത്തോളം ക്ഷീരകർഷകരാണുള്ളത്. പശുവിനെ വളർത്തി പാലുൽപ്പാദനം നടത്തി അതിലൂടെ മാത്രം ജീവിക്കുന്ന 13 ലക്ഷം കുടുംബങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. നമ്മുടെ ഗ്രാമീണമേഖലയുടെ, പ്രത്യേകിച്ച് കാർഷിക മേഖലയുടെ നട്ടെല്ലാണ് ക്ഷീരകർഷകർ. പക്ഷെ ഇപ്പോൾ പാലുൽപ്പാദനത്തിലുണ്ടായിരിക്കുന്ന പ്രതിസന്ധി

LIBRARY ARCHIVES Kerala Legislative Assembly

കാരണം അനിയന്ത്രിതമായ ചെലവുകൾ കാരണം, കേരളത്തിലെ ക്ഷീര കർഷകരാകെ തളർന്നിരിക്കുകയാണ്. പശുക്കളുടെ വില ഇരട്ടിയായി വർദ്ധിച്ചിരിക്കുന്നു. കാലിത്തീറ്റയുടെ വിലയും അനിയന്ത്രിതമായി വർദ്ധിച്ചിരിക്കുകയാണ്. സബ്സിഡി കൊടുക്കാൻ ഗവണ്മെന്റിനു കഴിയുന്നില്ല എന്നു ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം നിയമസഭയിൽ പ്രഖ്യാപിച്ചു. തീറ്റപ്പുൽ കൃഷി കേരളത്തിൽ അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു. കന്നുകാലികളുടെ ചികിൽസയ്ക്കുവേണ്ടിയുള്ള മരുന്നുകൾക്ക് പത്തിരട്ടി വില വർദ്ധിച്ചിരിക്കുകയാണ്. കുളമ്പുരോഗവും അകിടുരോഗവും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ ഫലപ്രദമല്ലാത്തതുകൊണ്ട് ആയിരക്കണക്കിന് പശുക്കൾ ചത്തൊടുങ്ങിയിരിക്കുകയാണ്. മൃഗാശുപത്രികളുടെ പ്രവർത്തനം പൂർണ്ണമല്ല. ഉച്ചവരെ മാത്രമേ മൃഗാശുപത്രികൾ പ്രവർത്തിക്കുന്നുള്ളൂ. ബീജദാന ചാർജ്ജ് ഇരട്ടിയിലധികമായി വർദ്ധിച്ച നടപടിയുണ്ട്. കേരളത്തിനു പുറത്തു നിന്നും സ്വകാര്യ ഏജൻസികൾ സ്വകാര്യസ്ഥാപനങ്ങൾ എന്നിവ കേരളത്തിലേയ്ക്ക് പാൽ ഒഴുക്കിക്കൊണ്ടിരിക്കുന്നു. ഇത് കേരളത്തിലെ 13 ലക്ഷത്തോളം വരുന്ന ക്ഷീരോൽപ്പാദക കുടുംബങ്ങളേയും കർഷകരേയും തളർത്തിയിരിക്കുകയാണ്. ഈ പ്രതിസന്ധിയിൽ നിന്ന് കേരളത്തിലെ ക്ഷീരോൽപ്പാദക മേഖലയെ രക്ഷിക്കണമെങ്കിൽ, ക്ഷീരകർഷകരെ പിടിച്ചുനിർത്തിയാലേ കഴിയൂ. 'മിൽമ'യും ക്ഷീരവികസനവകുപ്പും നടത്തുന്ന പ്രവർത്തനങ്ങൾ കൊണ്ടു മാത്രം ക്ഷീരകർഷകരെ പിടിച്ചു നിർത്താൻ കഴിയുകയില്ല. നിലവിലുള്ള ക്ഷീര കർഷകരെ ഈ രംഗത്ത് പിടിച്ചുനിർത്താനും, ചെറുപ്പക്കാരുൾപ്പെടെയുള്ള പുതിയ ക്ഷീര കർഷകരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കാനും ക്ഷീരകർഷകർക്ക് മാത്രമായി 'മിൽമ'യുമായി ബന്ധപ്പെടുത്തിക്കൊണ്ട് (ഒരു പ്രത്യേക സംവിധാനം വേണ്ട) പെൻഷൻ പദ്ധതിയുൾപ്പെടെയുള്ള ഒരു ക്ഷേമനിധി ഏർപ്പെടുത്താനും ഗവണ്മെന്റ് തയ്യാറാകണം. ബഹുമാനപ്പെട്ട പി. പി.തങ്കച്ചൻ കൃഷിവകുപ്പുമന്ത്രി ആയിരിക്കുമ്പോൾ ഇതു സംബന്ധിച്ച് നിയമസഭയിൽ ഒരു പ്രഖ്യാപനം നടത്തി, ചില പ്രാരംഭ നടപടികൾ സ്വീകരിച്ചു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇല്ലെങ്കിൽ പുതിയ സഹസ്രാബ്ദത്തിൽ, പുതിയ നൂറ്റാണ്ടിൽ ഈ ഗവണ്മെന്റ് കേരളത്തിലെ ക്ഷീര കർഷക മേഖലയ്ക്ക്, ക്ഷീരകർഷകർക്ക് നൽകുന്ന ഒരു സംഭാവനയായി ക്ഷീര കർഷകർക്ക് പെൻഷനും ക്ഷേമനിധിയും ഏർപ്പെടുത്തണം. അതിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കണം. പ്രഖ്യാപനം മാത്രമല്ല വേണ്ടത്. ഒരു കാര്യം കൂടി പറയാനുള്ളത്, നെല്ലുൽപ്പാദന മേഖലയിലുണ്ടായ തളർച്ച കാരണം വലിയ വിവാദങ്ങൾ ഉണ്ടായതാണ്. വെട്ടിനിരത്തൽ സമരം ഉൾപ്പെടെയുള്ള കാര്യങ്ങൾ കാരണം നെൽ കൃഷിക്കാർ ആ രംഗത്തു നിന്നും പിൻതിരിഞ്ഞുപോകുകയാണ്. ക്ഷീര കർഷകരും ക്ഷീരോൽപ്പാദനമേഖലയോട് വിട പറഞ്ഞു പോകുന്ന ഒരു സാഹചര്യമുണ്ടായാൽ, കേരളത്തിന്റെ ഗ്രാമീണ സമ്പദ്ഘടന പൂർണ്ണമായ തകർച്ചയിലെത്തും. അതുകൊണ്ട് ക്ഷീരകർഷകരുടെ പെൻഷനും ക്ഷേമനിധിയും അവരെ ഈ രംഗത്ത് പിടിച്ചു നിർത്താൻ, അവരെ ഈ രംഗത്ത് ആകർഷിക്കാൻ ഗവണ്മെന്റ് നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

11.00 A.M

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, ക്ഷീരകർഷകരെ സഹായിക്കാനുള്ള പല നടപടികളുമുണ്ട്. അതൊന്നും ഞാൻ വിവരിക്കുന്നില്ല. ഇപ്പോൾ ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തിയിട്ടുണ്ട്. കന്നുകുട്ടി പരിപാലന

LIBRARY ARCHIVES Kerala Legislative Assembly.

പദ്ധതിയുണ്ട്. കാലിത്തീറ്റയ്ക്ക് സബ്സിഡിയുണ്ട്. അങ്ങനെ പല കാര്യങ്ങളും ചെയ്യുന്നുണ്ട്. ക്ഷീരകർഷകർക്ക് പെൻഷനും ക്ഷേനിധിയും നടപ്പിലാക്കുന്നതിനു ഭാരിച്ച ചെലവു വരുന്നതാണ്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശിച്ചതുപോലെ 'മിൽമ'യും ക്ഷീരസംഘങ്ങളുമെല്ലാംകൂടി യോജിച്ചുകൊണ്ടുള്ള ഒരു പദ്ധതിയെക്കുറിച്ച് നമുക്ക് പരിശോധിക്കാം എന്നു മാത്രമേ ഇപ്പോൾ പറയാനുള്ളൂ.

(8) ക്ഷീരകർഷക സഹകരണസംഘങ്ങൾവഴി ശേഖരിക്കുന്ന പാലിന്റെവില

<u>ശ്രീ. ഇ.എം. അഗസ്തി</u> : സർ, എറണാകുളം ക്ഷീരോല്പാദന യൂണിയൻ മേഖലയിലുള്ള പ്രാഥമിക ക്ഷിരോല്പാദക സഹകരണസംഘങ്ങളിൽ സംഭരിക്കുന്ന പാലിന് കഴിഞ്ഞ രണ്ടാഴ്ചയിലധികമായി വിലനൽകാൻ കഴിയാത്തതിന്റെ ഫലമായി ക്ഷീരകർഷകർ സാമ്പത്തികമായി വളരെ പ്രതിസന്ധിയിലാണ്. ക്ഷീര കർഷകരുടെ നിരവധിയായ പ്രശ്നങ്ങൾ ശ്രീ. എം. മുരളി ഇവിടെ പരാമർശിച്ചതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ക്ഷീരകർഷകർ നാമമാത്രകർഷകരും പരിമിത കർഷകരുമാണ്. അരയേക്കറും അതിൽ താഴെയും ഭൂമിയുടെ ഉടമകളായ ആളുകളാണ് ഈ കന്നുകാലിവളർത്തലിനെ ആശ്രയിച്ചു ജീവിച്ചുവരുന്നത്. എന്റെ ജില്ലയിൽത്തന്നെ മിൽമവഴി പാൽവിതരണം നടത്തുന്ന രണ്ടു ലക്ഷത്തിലധികം കർഷകരുണ്ട്. ഈ പാവപ്പെട്ട കർഷകർക്ക് പാലിന്റെ വില യഥാസമയം ലഭിക്കാത്തതിന്റെ ഫലമായി കന്നുകാലികൾക്കാവശ്യമായ കാലിത്തീറ്റയും അതുപോലെതന്നെ മറ്റു തീറ്റവസ്തുക്കളും വാങ്ങിക്കൊടുക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. എന്നുപറഞ്ഞാൽ പാലുല്പാദനം ഇപ്പോൾ ഒരു നഷ്ടക്കച്ചവടമാണെന്നതാണ് സ്ഥിതി. ഇതിന് മിൽമ പറയുന്നത് സീസണിൽ പാലിന്റെ ഉല്പാദനം കൂടുതലായതുകൊണ്ട് അധികമായിവരുന്ന പാലിന് വില കൊടുക്കാൻ കഴിയുന്നില്ല എന്നാണ്. അധികമായിവരുന്ന പാൽ പാൽപ്പൊടിയായിട്ടും അതുപോലെ നെയ്യായിട്ടും പ്രോസസ് ചെയ്ത് മാർക്കറ്റിൽ വിറ്റ് അതിന്റെ വിലയാണ് നൽകുന്നത്. മുൻകാലങ്ങളിൽ ഈ രംഗത്ത് ചില പരാതികൾ ഉണ്ടായതിന്റെ ഫലമായി ഓഫ് സീസണിൽ നെയ്യും അതുപോലെതന്നെ പാൽപ്പൊടിയും വിൽക്കാൻ കഴിയാത്തതുകൊണ്ട് അവ സംഭരിച്ചുവച്ചിരിക്കുന്നു. മാർക്കറ്റിംഗ് ഫെസിലിറ്റി ഉണ്ടായിട്ടില്ല എന്നതാണ് പ്രശ്നം. മറ്റേതു മേഖലയിലാണെങ്കിലും ശരി, കാർഷികമേഖലയിൽ പ്രതിസന്ധിയുണ്ടാകുമ്പോൾ ഗവണ്മെന്റ് ഇടപെട്ട് ഇടക്കാലാശ്വാസങ്ങളും സഹായങ്ങളും നൽകുന്ന സ്ഥിതിയുണ്ട്. ഈ പാവപ്പെട്ട ക്ഷീരകർഷകരുടെ പ്രശ്നത്തിൽ മിൽമയിലുണ്ടായിരുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ മിൽമയെ സംബന്ധിച്ച് തർക്കങ്ങളൊക്കെയുണ്ടാകും. ഗവണ്മെന്റിന് വ്യത്യസ്തമായ വീക്ഷണമുണ്ടാകാം. പക്ഷേ ആ തർക്കത്തിന്റെ ഭാഗമായി കാണാതെ പാവപ്പെട്ട കൃഷിക്കാരെ ബാധിക്കുന്ന പ്രശ്നമെന്നനിലയിൽ ഗവണ്മെന്റ് ഇതിൽ അനുഭാവപൂർവം ഇടപെടണം. ഈ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. ഞാൻ ഒരു വാചകം കൂടി പറഞ്ഞ് അവസാനിക്കുകയാണ്. ക്ഷീരോല്പാദകർ ഉല്പ്പാദിപ്പിക്കുന്ന പാലിന് കാലഭേദമെന്യേ ഒരു സ്ഥിരമായ വിലയും വിപണിയും ഉറപ്പു വരുത്തുന്നതിനുള്ള നടപടി മിൽമ സ്വീകരിച്ചുവരുന്നുവെന്ന് അങ്ങുതന്നെ ഇന്നലെ ഈ നിയമസഭയിൽ രേഖാമൂലം മറുപടി പറഞ്ഞതാണ്. എന്നാൽ ആ വിപണി ഇപ്പോൾ നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്നു. നഷ്ടം

LIBRARY ARCHIVES Kerala Legislative Assembly